# ഖലീൽ ജിബ്രാൻ



# ആത്മീയ സുഭാഷിതങ്ങൾ

## ആത്മാവ് വാറ്റിയെടുത്ത ദ്രാക്ഷാരസം

ഡോ. എം.എ. അസ്കർ

ആത്മാവിന്റെ ഞരമ്പുകളിൽ കവിതയ്ക്കു മാത്രം നീരൊഴുക്കുള്ള അപൂർവകലാകാരനാണ് ഖലീൽ ജിബ്രാൻ. കാണാപ്രപഞ്ചങ്ങളുടെ സർവരഹസ്യങ്ങളുടെയും ഉൾവഴികളിലൂടെ പ്രയാണം നടത്തുന്നതാണ് ജിബ്രാന്റെ ചിത്രങ്ങളും കാവ്യങ്ങളും. വാക്കുകളും ചിത്രങ്ങളും പരസ്പരം ഉള്ളടങ്ങിയതാണ് ആ സൃഷ്ടികൾ. സാങ്കേതികവിദ്യാനിപുണനായ ഒരാൾക്ക് ജിബ്രാന്റെ കവിതകളിൽനിന്ന് കുറെ ചിത്രങ്ങളെയും ചിത്രങ്ങളിൽനിന്ന് കുറെ കാവ്യങ്ങളെയും ഡീകോഡ് ചെയ്തെടുക്കാൻ കഴിഞ്ഞേക്കാം. അക്ഷരങ്ങളിലൂടെയും നിറങ്ങളിലൂടെയും ജിബ്രാൻ സംസാരിച്ചു; ചിലപ്പോൾ ഒരു കലഹിയുടെ ഉഗ്രസ്വരത്തിൽ. മറ്റു ചിലപ്പോൾ ഒരു ദുർബലന്റെ പതിഞ്ഞ തേങ്ങലുപോൽ. സാമൂഹികവും രാഷ്ട്രീയപരവും മതപരവുമായ മനുഷ്യരുടെ ദുരാചാരങ്ങളോടാണ് ജിബ്രാൻ കലഹിച്ചത്. തേങ്ങിയത് അത്തരം ദുരാചാരങ്ങളുടെ ഇരകളെ ഓർത്തും. അത്തരം സന്ദർഭങ്ങളിലാണ് മാർത്തയും സൽമ കറാമയും മറ്റും പിറന്നുവീണത്.

*അൽ മ്യൂസികി മുതൽ പ്രവാചകൻ, ഭ്രാന്തൻ, ഒടിഞ്ഞ ചിറകുകൾ, നിഷേധി...* തുടങ്ങി അറബിയിലും ഇംഗ്ലീഷിലുമായി ഒരു വിരൽനീളം പുസ്തകക്കട്ടിയുള്ള സൃഷ്ടികളേ ജിബ്രാൻ ചെയ്തിട്ടുള്ളൂവെങ്കിലും ലോകത്തിലെ മിക്ക ഭാഷകളിലേക്കും അവ വിവർത്തനപ്പെട്ടുപോയിട്ടുണ്ട്. 1883 മുതൽ 1931 വരെയുള്ള നാല്പത്തിയെട്ടു വർഷത്തെ ആയുസ്സിനിടയിൽ മധ്യപൗരസ്ത്യദേശങ്ങളിലെ ആ കാലത്തെ ഏറ്റവും വലിയ പ്രതിഭയായി. പാശ്ചാത്യർക്കിടയിൽ ജിബ്രാന്റെ കൃതികൾ വില്യം ബ്ലേക്ക്, ഡാന്റേ, ടാഗോർ, ഫ്രെഡറിക് നീഷേ, മൈക്കലാഞ്ജലോ, അഗസ്റ്റ് റോഡിൻ മുതലായവരുടെ കൃതികളോട് താരതമ്യം ചെയ്യപ്പെട്ടു.

ദാരിദ്ര്യവും അരക്ഷിതത്വവും നിറഞ്ഞാടിയ ബാല്യം, പിതാവിന്റെ സ്വയംകൃത ജയിൽവാസങ്ങൾ, അമ്മ കാമിലയുടെ നിസ്സഹായത, എല്ലാം ഏകാന്തതയുടെ മൺപുറ്റിലേക്ക് ജിബ്രാനെ കൊണ്ടെത്തിച്ചു. ഒറ്റയ്ക്കിരിക്കുമ്പോൾ തുറക്കപ്പെടുന്ന ജാലകങ്ങളിലൂടെ ആത്മാവിന്റെ എണ്ണമറ്റ സൗരയൂഥങ്ങൾക്കൊപ്പം ഭ്രമണം ചെയ്തു; ജിബ്രാന്റെ മനസ്സ്.

ആ യാത്രകളിൽ സംഭരിച്ച ദർശനങ്ങളുടെ ബീജങ്ങളാണ് പിന്നീട് ജിബ്രാന്റെ മെതിക്കളങ്ങളിൽ കതിർക്കുലകളായി വിളഞ്ഞത്.

കുട്ടിക്കാലത്ത് അമ്മയിൽനിന്നു കേട്ടറിഞ്ഞ ക്രിസ്തുവിനെ ജിബ്രാൻ തന്റെ ആത്മാവിലേക്ക് കൂടെ കൂട്ടിയിട്ടുണ്ട്; ദൈവപുത്രനായിട്ടല്ല, മറിച്ച്, ഒരു മനുഷ്യപുത്രനായ കവിയായി. ഒരു പെസഹാദിനത്തിൽ ക്രൂശിതന്റെ കഥ കേട്ട ജിബ്രാനെ ദുഃഖവെള്ളിയാഴ്ച വീട്ടിൽനിന്നും കാണാതായ കാര്യം രേഖപ്പെടുത്തുന്നുണ്ട് സുഹൃത്തും ജീവചരിത്രകാരനുമായ മിഖായേൽ നുഅയ്മ. വീട്ടുകാരുടെ തെരച്ചിൽ അവസാനിച്ചതു തൊട്ടടുത്തുള്ള ശ്മശാനത്തിലായിരുന്നു. അവിടെ ഏതോ ശവക്കല്ലറയ്ക്കു മുന്നിൽ ക്രൂശിതനായ ക്രിസ്തുവിന് കൂട്ടിരിക്കുകയായിരുന്നു ജിബ്രാൻ. കൈയിൽ നാടൻപൂക്കളുടെ ഒരു കുഞ്ഞുബൊക്കെയുമുണ്ടായിരുന്നു. എഴുത്തിന്റെയും വരകളുടെയും പില്ക്കാലനാളുകളിൽ ക്രിസ്തു ജിബ്രാന്റെ നിശ്ശബ്ദ സഹയാത്രികനായിരുന്നു. ദേവാലയങ്ങളിൽ കാണാത്ത ദൈവത്തെക്കുറിച്ചാണ് ജിബ്രാൻ പറഞ്ഞതത്രയും. എന്നാൽ, അമ്മയും ജ്യേഷ്ഠനും മരിച്ച് കൂടെ സഹോദരി സുൽത്താനയെയും മരണം പിടികൂടിയപ്പോൾ, 'എന്റെ ദൈവം മരിച്ചുപോയി, അവൻ സുൽത്താനയെ കൊന്നപ്പോൾ. ഇനി ദൈവമില്ലാതെ ഞാനെങ്ങനെ ജീവിക്കും' എന്ന് ജിബ്രാൻ ഉരുവിട്ടുപോയി.

ജിബ്രാനിലെ കലാകാരനെ സ്ത്രീ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. തന്റെ മാതാവിനെപ്പോലുള്ള പൗരസ്ത്യദേശത്തെ സ്ത്രീ മതത്തിന്റെയോ പിതാവിന്റെയോ സഹോദരന്റെയോ ഭർത്താവിന്റെയോ അടിച്ചമർത്തലുകൾക്കു വിധേയപ്പെട്ട നിസ്സഹായയായ ഇരയാണ്. അവൾ ജിബ്രാനെ കലാപകാരിയാക്കി, അവളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി നിരന്തരം അദ്ദേഹം കലഹിച്ചു. എന്നാൽ, മേരി എലിസബത്ത് ഹാസ്കിലിനെപ്പോലുള്ള പാശ്ചാത്യസ്ത്രീ ഭൗതികസഹായങ്ങൾ നല്കി കൂടെ നിന്നു. ചിത്രകലയിൽ ഉപരിപഠനം നേടാൻ ജിബ്രാനെ പാരീസിലയയ്ക്കുന്നത് മേരിയാണ്. ജിബ്രാനിലെ പ്രതിഭയെ ഊതിക്കത്തിച്ച് ഒരു കാവൽമാലാഖയെപ്പോലെ മേരി ജിബ്രാനു തുണയായിട്ടുണ്ട്. സ്ത്രീയുടെ ശക്തിയും അവളുടെ അവകാശങ്ങളും അവളെ ചങ്ങലയ്ക്കിട്ട ദുരാചാരങ്ങളുടെ കെട്ടുപാടിൽനിന്നുള്ള മോചനത്തിലുമുള്ള ജിബ്രാന്റെ വിശ്വാസത്തെ ബലപ്പെടുത്തുന്നതായിരുന്നു പാശ്ചാത്യസ്ത്രീയുടെ സ്വാധീനം.

ജനിച്ചതും വളർന്നതും ലെബനണിലാണെങ്കിലും ജീവിതത്തിന്റെ നല്ലൊരു ഭാഗവും ജിബ്രാൻ ചെലവഴിച്ചത് അമേരിക്കയിലാണ്. എന്നാൽ,

കിഴക്കിനെക്കുറിച്ചല്ലാതെ ജിബ്രാൻ എഴുതിയിട്ടില്ല. അമേരിക്കയോ അതിന്റെ കെട്ടുകാഴ്ചകളോ സ്വാധീനിക്കാതെ തന്റെ സ്വദേശം സ്വപ്നം കണ്ട് ജിബ്രാൻ അവിടെ വസിച്ചു. ഹൃദയത്തെ മാർഗദർശിയാക്കി ജിബ്രാൻ സ്നേഹത്തിന്റെ നിയമങ്ങളെ വാഴ്ത്തി.

ഫ്രെഡറിക് നീഷെ ജിബ്രാന്റെ എഴുത്തിനെയും ജീവിതത്തെയും ഏറെ സ്വാധീനിച്ചിട്ടുണ്ട്. ബോസ്റ്റണിൽനിന്ന് ന്യൂയോർക്കിലേക്ക് താമസം മാറ്റുമ്പോൾ തന്റെ ചിത്രങ്ങൾക്കും എഴുതിക്കൊണ്ടിരിക്കുന്ന സൃഷ്ടികളുടെ കൈയെഴുത്തുപ്രതികൾക്കുമൊപ്പം നീഷെയുടെ *സരതുഷ്ട്രയുടെ വചനങ്ങളും* ജിബ്രാൻ കൂടെ കരുതിയിരുന്നു. സരതുഷ്ട്രരിലൂടെ ജിബ്രാൻ നീഷെയുടെ കടുത്ത ആരാധകനായി. പഴയതിനെയെല്ലാം മായ്ച് പുതിയൊരു ലോകമായിരുന്നു നീഷെ സൃഷ്ടിച്ചത്. ദൈവം മരിച്ചുപോയി എന്നു പ്രഖ്യാപിച്ച്, ദൈവം ഉണ്ടോ ഇല്ലയോ എന്ന സംവാദങ്ങളെ അസാധുവാക്കി നീഷെ അതിമാനുഷൻ (സൂപ്പർമാൻ) എന്ന പുതിയൊരു സങ്കല്പത്തിനു രൂപം നല്കി. അതുവരെ ജിബ്രാൻ വായിച്ച കൃതികളെയും എഴുത്തുകാരെയും മറന്ന് ജിബ്രാൻ നീഷെയിലും സരതുഷ്ട്രരിലും ലയിച്ചു. *പ്രവാചകന്റെ* അകവും പുറവും സൂക്ഷിച്ചുനോക്കിയാൽ നീഷെയെ അവിടെ കാണാം, മൂടൽമഞ്ഞിലെന്നപോൽ. നീഷെ സരതുഷ്ട്രരിലൂടെ സംസാരിച്ചു, ജിബ്രാൻ അൽ മുസ്തഫയിലൂടെയും. എന്നാൽ, ജിബ്രാൻ സംസാരിച്ചത് സ്നേഹത്തെക്കുറിച്ചും അതിന്റെ സൗകുമാര്യങ്ങളെക്കുറിച്ചുമാണ്. നീഷെയാകട്ടെ, ജീവിതത്തിന്റെ ശുഭകരമല്ലാത്ത ഇരുണ്ട വഴികളെക്കുറിച്ചും.

സൂഫിസത്തിന്റെയും സെൻബുദ്ധിസത്തിന്റെയും അന്തർധാരകൾ ജിബ്രാന്റെ ദർശനങ്ങളിൽ തെളിഞ്ഞുകാണാം. അതുപോലെ ഭാരതീയ ദർശനങ്ങളിലേതുപോലെയുള്ള പുനർജന്മവിശ്വാസം ജിബ്രാനിൽ ശക്തമായിട്ടുണ്ടായിരുന്നു. കർമങ്ങൾ പൂർത്തീകരിക്കാൻ ഒരു ജന്മം മതിയാകാതെ വരുമ്പോൾ വീണ്ടും പിറവിയെടുക്കും എന്ന വിശ്വാസം. *പ്രവാചകന്റെ* അവസാനത്തിൽ ശിഷ്യരെ വേർപിരിയുമ്പോൾ അൽ മുസ്തഫ പറയുന്നത് ഇങ്ങനെയാണ്: 'അല്പകാലം കഴിയുമ്പോൾ, കാറ്റിൽ ഒരു നിമിഷത്തെ വിശ്രമത്തിനുശേഷം, വേറൊരു സ്ത്രീ എന്നെ ഗർഭത്തിൽ വഹിക്കും...' (പരിഭാഷ: പ്രൊഫ. കെ.വി.തമ്പി). ശരീരം ജീർണവസ്ത്രങ്ങൾ മാറ്റി പുതിയൊരെണ്ണം ധരിക്കുന്നതുപോലെ ദേഹി ദേഹത്തെ മാറുമെന്ന ഭഗവദ്ഗീതയിലെ വാക്യങ്ങൾ (അധ്യായം 2, ശ്ലോകം 22) ഇവിടെ സ്മരിക്കാവുന്നതാണ്.

മഹാസമുദ്രത്തിന്റെ ആത്മരഹസ്യങ്ങളെ ഒരു ജലകണം ആവാഹിച്ചതുപോലെ താരതമ്യേന ചെറിയ ആയുസ്സിൽ ജിബ്രാൻ വരച്ചതിന്റെയും എഴുതിയതിന്റെയും ആകത്തുകയാണ് *ജിബ്രാന്റെ സുഭാഷിതങ്ങൾ* എന്ന ഈ ചെറിയ പുസ്തകം. 1962 ലാണ് ഈ പുസ്തകം ആദ്യമായി ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കുന്നത്. യുദ്ധം, സമാധാനം, സൗന്ദര്യം, വിവാഹം, കുടുംബം, ദേശസ്നേഹം, വിശ്വാസം, മതം, ദാരിദ്ര്യം, വിദ്യാഭ്യാസം എന്നിങ്ങനെ ആകാശത്തിനു കീഴിലുള്ള പല കാര്യങ്ങളിലുമുള്ള ജിബ്രാന്റെ യോജിപ്പുകളും വിയോജിപ്പുകളും വിമർശനങ്ങളും നിസ്സഹായതയും പ്രതിഫലിക്കുന്ന വാങ്മയരൂപങ്ങൾ...ജിബ്രാന്റെ ഹൃദയംതൊട്ടു പറഞ്ഞാൽ, ഇത് ജിബ്രാന്റെ ആത്മാവ് പിഴിഞ്ഞുണ്ടാക്കിയ മുന്തിരിച്ചാറാണ്...

ആത്മാവിൽ കാട്ടുതീയാളുന്നവർ ഇതിൽനിന്ന് പാനം ചെയ്യട്ടെ...